ശ്രീ. എം. കെ. രാഘവൻ: ഈറ്റക്കാടുകൾ വച്ചുപിടിപ്പിക്കുകയാണോ മറ്റു തരത്തിലുള്ള അസംസ്കൃതസാധനങ്ങൾ വച്ചുപിടിപ്പിക്കുകയാണോ ആദ്യമെന്ന് ആലോചിച്ചിട്ടേ പറയാൻ പറ്റുകയുള്ളു.

ശ്രീ. എ. പി. കുര്യൻ: ഒന്നര രണ്ടു ലക്ഷത്തോളം വരുന്ന പനമ്പു നെയ്യുന്ന തൊഴിലാളികളെ ബാധിക്കുന്ന ഗുരുതരമായ പ്രശ്നമെന്നുള്ള നിലയ്ക്കാണ് ഇത് ഉന്നയിച്ചത്. കോർപ്പറേഷന്റെ ഡയറക്ടർ ബോർഡു തന്നെ ശുപാർശചെയ്തിട്ടുള്ള ഒരു കാര്യമെന്നുള്ള നിലയ്ക്ക് ഗൗരവമായി പരിഗണിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

വ്യവസായവും വനവും വകുപ്പ്മന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ): മറ്റു പലതും വച്ചുപിടിപ്പിക്കുന്നതുപോലെ ഈറ്റ വച്ചുപിടിപ്പിക്കാൻ പറ്റിയതല്ല. ഈറ്റ വച്ചുപിടിപ്പിക്കാൻ പ്രയാസമുണ്ട്. ഈറ്റ സ്വാഭാവികമായി ഉണ്ടാകുന്ന സ്ഥലങ്ങൾ റിസർവ്വ് ചെയ്യണമെന്ന് ഗവൺമെന്റിന് ഉദ്ദേശമുണ്ട്. പക്ഷെ അതെല്ലാം കയ്യേറി നശിപ്പിച്ചുകൊണ്ടിരിക്കുകയാണ്. അതിന് എല്ലാവരുടേയും സഹകരണമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

ദേവസ്വം ബോർഡിന്റെ പ്രവർത്തനങ്ങളിലെ ക്രമക്കേടുകളും അഴിമതികളും

* 47 [49] ശ്രീ. വി. ജെ. ജോസഫ്: താഴെക്കാണുന്ന ചോദ്യത്തിന് ഹരിജനക്ഷേമവും സാമൂഹ്യവികസനവും വകുപ്പ്മന്ത്രി സദയം മറുപടി നൽകുമോ:

ദേവസ്വം ബോർഡിന്റെ പ്രവർത്തനങ്ങളിൽ ക്രമക്കേടുകളും അഴിമതികളും നടന്നിട്ടുണ്ടെന്ന് ഹൈക്കോടതി ചൂണ്ടിക്കാണിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഹരിജനക്ഷേമവും സാമൂഹ്യവികസനവും വകുപ്പ്മന്ത്രി (ശ്രീ. ദാമോദരൻ കാളാശ്ശേരി)

ദേവസ്വം ബോർഡിന്റെ പ്രവർത്തനങ്ങളിൽ ഉള്ളതായി ഹൈക്കോടതി ചൂണ്ടിക്കാണിച്ചിട്ടുള്ള ക്രമക്കേടുകളേയും അഴിമതികളേയും പറ്റി മേൽ നടപടി സ്വീകരിക്കേണ്ടതു 1950-ലെ തിരു-കൊച്ചി ഹിന്ദുമതസ്ഥാപന ആക്ടിലെ വ്യവസ്ഥകളനുസരിച്ച് ഹൈക്കോടതിയാണ്.

ഹിൽ ഹൈവേയുടെ സർവേ

* 48 [51] ശ്രീ. ജി. പി. മംഗലത്തുമഠം:
,, കെ. എസ്. നാരായണൻ നമ്പൂതിരി:
,, തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള:
,, ടി. എച്ച്. മുസ്തഫ:
,, പി. ജെ. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പ്മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹിൽഹൈവേയുടെ സർവേ പൂർത്തിയായോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സർവേ ഇപ്പോഴും തുടരുന്നുണ്ടോ ?

മരാമത്തും സ്പോർട്സും വകുപ്പ് മന്ത്രി (ശ്രീ. കെ. പങ്കജാക്ഷൻ):

(എ) ഇല്ല.

(ബി) ഉണ്ട്.

അവശ ക്രൈസ്തവരുടെ ഉന്നമനത്തിനായി കോർപ്പറേഷൻ

* 49 [53] ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി. താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവും സാമൂഹ്യവികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അവശ ക്രൈസ്തവരുടെ ഉന്നമനത്തിനായി ഒരു കോർപ്പറേഷൻ രൂപീകരിക്കുവാൻ ഗവൺമെൻറ് തീരുമാനിച്ചിട്ടുണ്ടോ;

(ബി) കോർപ്പറേഷൻ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(സി) അല്ലെങ്കിൽ എന്താണിതിന് കാരണം ?

ഹരിജനക്ഷേമവും സാമൂഹ്യവികസനവും വകുപ്പ് മന്ത്രി (ശ്രീ. ദാമോദരൻ കാളാശ്ശേരി):

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) കോർപ്പറേഷൻ രൂപീകരിക്കുന്നതിനുവേണ്ടി പ്രൊജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിന് ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്. സ്പെഷ്യൽ ഓഫീസറുടെ റിപ്പോർട്ട് ലഭിച്ചതിനു ശേഷം കോർപ്പറേഷൻ രൂപീകരണത്തിനുള്ള മേൽനടപടികൾ സ്വീകരിക്കുന്നതാണ്.

കേരളാ പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ അംഗീകരിച്ച സ്കീമുകൾ

* 50 [55] ശ്രീ. കല്ലട നാരായണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവും സാമൂഹ്യവികസനവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ അംഗീകരിച്ച് അനുവാദത്തിന് വേണ്ടി ഗവൺമെൻറിന് സമർപ്പിച്ച ഏതെല്ലാം സ്കീമുകൾക്കാണ് ഗവൺമെൻറ് അനുവാദം നൽകാതിരിക്കുന്നത്;

(ബി) അനുവാദം നൽകാതിരിക്കുന്നതിൻെറ കാരണമെന്തെന്ന് വിശദമാക്കുമോ ?

ഹരിജനക്ഷേമവും സാമൂഹ്യവികസനവും വകുപ്പ് മന്ത്രി (ശ്രീ. ദാമോദരൻ കാളാശ്ശേരി):

(എ) പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, ഗവൺമെൻറിൻെറ അനുവാദത്തിനു വേണ്ടി അയച്ചിട്ടുള്ളവയും അനുവാദം നൽകിയിട്ടില്ലാത്തവയും എന്നാൽ പരിഗണനയിലിരിക്കുന്നതുമായ പദ്ധതികൾ താഴെ പറയുന്നവയാണ്.

LIBRARY ARCHIVES Kerala Legislative Assembly